(സി) പദ്ധതി വിഹിതം മുൻകൂട്ടി പഞ്ചായത്തുകൾക്ക് നൽകി കാര്യക്ഷമമായും ഫലപ്രദമായും ആയത് പൂർണ്ണതോതിൽ വിനിയോഗിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)	ഗ്രാമപഞ്ചായത്തുകൾ	-	32.75%
	ബ്ലോക്ക് പഞ്ചായത്തുകൾ	-	31.48%
	ജില്ലാ പഞ്ചായത്തുകൾ	-	30.01%

(ബി) ത്രിതല പഞ്ചായത്തുകൾക്ക് 2010 നവംബർ 30 വരെ പദ്ധതി വിഹിതമായി നൽകിയ തുക ചുവടെ ചേർക്കുന്നു:

ഗ്രാമപഞ്ചായത്തുകൾ	-	789,94,15,300
ബ്ലോക്ക് പഞ്ചായത്തുകൾ	-	174,14,61,000
ജില്ലാ പഞ്ചായത്തുകൾ	-	204,48,39,300

(സി) പദ്ധതി രൂപീകരണം കാലതാമസം കൂടാതെ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും പുരോഗതി അവലോകനം ചെയ്യുകയും ചെയ്യുന്നുണ്ട്. അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച സമയ ക്രമങ്ങൾ നിശ്ചയിച്ചു നൽകുകയും ഇതു സംബന്ധിച്ച പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം

177(469) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക വർഷമവസാനിക്കാൻ മാസങ്ങൾ മാത്രം ബാക്കി നിൽക്കെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതത്തിന്റെ ഗണ്യമായ ഭാഗം ഇനിയും ചെലവഴിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിനകം പദ്ധതി വിഹിതത്തിന്റെ എത്ര ശതമാനം ചെലവഴിച്ചെന്ന് വ്യക്തമാക്കുമോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതി നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യ വികസന ഫണ്ട്, എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന സുസ്ഥിര നഗര വികസന പദ്ധതി എന്നിവയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈ സാമ്പത്തിക വർഷം ലഭിച്ച തുകയും ചെലവഴിച്ചതും എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാന പ്ലാൻ ഫണ്ടിന്റെ മുന്നിലൊന്ന് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകുമെന്ന് സർക്കാർ പ്രഖ്യാപിച്ചെങ്കിലും ഒരു വർഷവും 22 ശതമാനത്തിൽ കൂടുതൽ ഫണ്ട് നൽകിയിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 2010 നവംബർ മാസം വരെ 32.12% വിനിയോഗിച്ചിട്ടുണ്ട്.

(സി)

ഇനം	ലഭിച്ചതുക (കോടിയിൽ)	ചെലവഴിച്ച തുക (കോടിയിൽ)
കേന്ദ്രാവിഷ്കൃത ഗ്രാമവികസന പരിപാടികൾ	425.49	347.28
നബാർഡിന്റെ ഗ്രാമീണ പശ്ചാത്തല സൗകര്യവികസന ഫണ്ട്.	12.3	12.3

എ.ഡി.ബി. സഹായത്തോടെ നടപ്പാക്കുന്ന സുസ്ഥിര നഗര വികസന പദ്ധതിക്ക് 2010-11-ൽ ബഡ്ജറ്റിൽ വകയിരുത്തിയ 279.67 കോടി രൂപയിൽ 21 കോടി രൂപ അനുവദിച്ചിട്ടുണ്ട്. മുൻവർഷത്തെ നീക്കിയിരിപ്പിൽനിന്നും 68.13 കോടി രൂപ ഈ വർഷം നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ചുവരുന്നു.

(ഡി) മൂന്നാം സംസ്ഥാന ധനകാര്യ കമ്മീഷന്റെ ശുപാർശ അംഗീകരിച്ചത് പ്രകാരമുള്ള വിഹിതമാണ് 1-4-2006 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ചുവരുന്നത്.

ഇരട്ട നഗരപദ്ധതി

178(470) ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. എൻ. ശക്തൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം നഗരസഭയും ബാഴ്സലോണാ നഗരസഭയും സംയുക്തമായി ആവിഷ്ക്കരിച്ച ഇരട്ട നഗരപദ്ധതി നടപ്പിലാക്കാൻ കഴിയാത്തതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇത്തത്തിൽ ഇരട്ടനഗര പദ്ധതി ആവിഷ്ക്കരിക്കുന്നതിൽ സഹകരണത്തിന് തയ്യാറാണെന്ന് ബാഴ്സലോണ നഗരസഭ അറിയിച്ചിട്ടുണ്ടായിരുന്നുവോ;

(സി) മുൻ നഗരസഭയുടെ കാലാവധി അവസാനിക്കുന്നതിന് വളരെ മുൻപായി തന്നെ ഇതിന് സമ്മതപത്രം ലഭിച്ചിട്ടും ഇക്കാര്യത്തിൽ തിരുവനന്തപുരം നഗരസഭ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly